## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1818 04/12/2015 ൽ മറുപടിയ്ക്ക്**

### ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ: | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകൾക്ക് കീഴിലുള്ള ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാരെ പാർട്ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; | (എ) പഞ്ചായത്തുകൾക്ക് കീഴിൽ പതിനൊന്നിന പരിപാടി പ്രകാരം നിർമ്മിക്കപ്പെട്ട ശിശുമന്ദിരങ്ങളിൽ 2000 ഡിസംബർ 31 ന് മുമ്പ് ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് ജോലിയിൽ തുടർന്നു വന്നിരുന്ന 166 നഴ്സറി ടീച്ചർമാരെയും 145 ആയമാരേയും വിവിധ ഘട്ടങ്ങളിലായി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടാത്തതും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് 10 വർഷമായി തുടർന്നു വരുന്നവരേയും സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്കും അങ്കണവാടി ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന വേതനമെങ്കിലും നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ